മലപ്പുറം	5.	വള്ളിക്കുന്ന് ടൈൽ വർക്കേഴ്സ് സഹകരണ സംഘം. ക്ലിപ്തം
	6.	വലിയകുന്നം ജാഗറി പ്രൊഡ്യൂസേഴ്സ് സഹകരണ സംഘം
വയനാട്	1.	പേരിയ സർവ്വീസ് സഹകരണ സംഘം
	2.	പനമരം പോട്ടറി വർക്കേഴ്സ് ഇൻഡസ്ട്രിയൽ സഹകരണ സംഘം
	3.	മുപ്പൈനാട് സർവ്വീസ് സഹകരണ ബാങ്ക്
	4.	വരദൂർ അർബൻ സഹകരണ സംഘം

(ബി) പോലീസ് കസ്റ്റഡിയിലും കോടതിയിലുമുള്ള റിക്കാർഡുകൾ ലഭിക്കുന്ന മുറയ്ക്ക് അത്തരം സംഘങ്ങളുടെ ആഡിറ്റ് നടത്തുന്നതാണ്.

ഓഡിറ്റുകൾ സമയബന്ധിതമാക്കാൻ നടപടി

140 [594] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ച് വർഷത്തിലധികമായി ഓഡിറ്റ് നടത്താതിരിക്കുന്ന എത്ര സഹകരണ സ്ഥാപനങ്ങൾ ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും പ്രസ്തുത സംഘങ്ങളുടെ ഏതെല്ലാം സ്ഥാപനങ്ങളിൽ സാമ്പത്തിക ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത സംഘങ്ങളുടെ ഓഡിറ്റ് സമയബന്ധിതമായി നടത്താൻ നടപടികൾ സ്വീകരിക്കുമോ;

(സി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 5 വർഷത്തിലധികമായി ഓഡിറ്റ് നടത്താതിരിക്കുന്ന 1495 സഹകരണ സംഘങ്ങൾ സംസ്ഥാനത്തുണ്ട്. കാറ്റഗറി തിരിച്ച ലിസ്റ്റ് താഴെ കൊടുക്കുന്നു:

1.	സഹകരണ വകുപ്പിന്റെ കീഴിലുള്ള സംഘങ്ങൾ	..	694
2.	ഹാൻഡ്ലൂം സഹകരണ സംഘങ്ങൾ	..	27
3.	ഹൗസിംഗ് സഹകരണ സംഘങ്ങൾ	..	5
4.	കയർ സഹകരണ സംഘങ്ങൾ	..	41
5.	ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് സഹകരണ സംഘങ്ങൾ	..	302
6.	മറ്റ് വ്യവസായ സഹകരണ സംഘങ്ങൾ	..	275
7.	ക്ഷീര സഹകരണ സംഘങ്ങൾ	..	63
8.	ഫിഷറീസ് സഹകരണസംഘങ്ങൾ	..	88
	ആകെ	..	1,495

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സംഘങ്ങളുടെ പേരുകൾ താഴെ കൊടുക്കുന്നു.

1. വെളിയം ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീയൽ സഹകരണ സംഘം
2. കരുനാഗപ്പള്ളി 7-ാം വാർഡ് മൽസ്യോൽപാദക സഹകരണ സംഘം
3. കരുനാഗപ്പള്ളി റീജിയണൽ ഫിഷ് മാർക്കറ്റിംഗ് സഹകരണ സംഘം
4. ചവറ കോക്കനട്ട് മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് സഹകരണ സംഘം
5. മാർക്കറ്റിംഗ് ഫെഡറേഷൻ
6. പച്ചാളം സഹകരണ കൺസ്യൂമർ സ്റ്റോർ ക്ലിപ്തം-ഇ-125
7. കണയന്നൂർ എയ്ഡഡ് ടീച്ചേഴ്സ് സഹകരണ സംഘം-354
8. വൈറ്റില സർവ്വീസ് സഹകരണ സംഘം-181
9. പുതുപ്പള്ളിപ്പുറം സർവ്വീസ് സഹകരണ ബാങ്ക് നമ്പർ-3163
10. കണ്ടക്കടവ് വുഡ് വർക്കേഴ്സ് സഹകരണ സംഘം നമ്പർ. സി.ഐ.എൻ.ഡി.ഇ.-49
11. നേര്യമംഗലം ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘം ഇ-937
12. ആമ്പല്ലൂർ സർവ്വീസ് സഹകരണ ബാങ്ക്
13. അഴീക്കോട് ഫിഷർമെൻ ഡവലപ്മെന്റ് വെൽഫെയർ സഹകരണ സംഘം എഫ്.ആർ. 98/92
14. അണ്ടത്തോട് സർവ്വീസ് സഹകരണ ബാങ്ക്
15. മാറഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക്
16. വള്ളിക്കുന്ന് ടൈൽ വർക്കേഴ്സ് സഹകരണ സംഘം ക്ലിപ്തം
17. വള്ളിക്കുന്ന് പഞ്ചായത്ത് ഗ്രാമവ്യവസായ സഹകരണ സംഘം. ക്ലിപ്തം
18. വലിയകുന്ന് ജാഗറി പ്രൊഡ്യൂസേഴ്സ് സഹകരണ സംഘം

(ബി ആന്റ് സി) നടപടി സ്വീകരിച്ചു വരുന്നുണ്ട്.

1. സഹകരണ സംഘങ്ങളിലെ ഓഡിറ്റ് പുരോഗതി ജോയിന്റ് രജിസ്ട്രാർമാരുടെ (ആഡിറ്റ്) യോഗങ്ങളിൽ ക്രമമായി അവലോകനം ചെയ്യുന്നുണ്ട്.

2. ഓഡിറ്റ് സമകാലമാക്കുന്നതിനായി കണക്കുകളും മറ്റ് നിയമാനുസൃത രേഖകളും എല്ലാ സംഘങ്ങളും ഓഡിറ്റർമാർക്ക് കൃത്യമായി സമർപ്പിക്കാനുള്ള നിർദ്ദേശം സംഘങ്ങൾക്ക് നൽകാൻ രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

3. ഓഡിറ്റിനുള്ള തസ്തികകളുടെ തുടർച്ചാനുമതിക്കുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമുമ്പ് സഹകരണ സംഘം രജിസ്ട്രാർ ഓഡിറ്റ് പുരോഗതി വിശകലനം ചെയ്ത് അഭിപ്രായം രേഖപ്പെടുത്തി സർക്കാരിന് സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

4. സമകാല ഓഡിറ്റർമാർ ദീർഘകാല അവധിയിൽ പ്രവേശിക്കുമ്പോൾ അതുവരെ ചെയ്തു തീർത്ത ഓഡിറ്റ് ജോലികളെപ്പറ്റിയും, കുടിശ്ശിക ഉണ്ടെങ്കിൽ കാരണം കാണിക്കുന്നതുമായ റിപ്പോർട്ട് രജിസ്ട്രാർക്ക് സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

5. കമ്പ്യൂട്ടർവൽക്കരിച്ച സംഘങ്ങളിൽ ഓഡിറ്റിനായി പ്രത്യേക രജിസ്റ്ററുകൾ സൂക്ഷിക്കേണ്ട എന്നും, കമ്പ്യൂട്ടർ ലഭ്യമാക്കുന്ന സ്റ്റേറ്റുമെന്റുകൾ അടിസ്ഥാനപ്പെടുത്തി ഓഡിറ്റ് നടത്താവുന്നതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

കോ-ഓപ്പറേറ്റീവ് സർവ്വീസ് എക്സാമിനേഷൻ ബോർഡിന്റെ പരിധിയിലെ സഹകരണ സ്ഥാപനങ്ങൾ

141 [595] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോ-ഓപ്പറേറ്റീവ് സർവ്വീസ് എക്സാമിനേഷൻ ബോർഡിന്റെ പരിധിയിൽ വരുന്ന സഹകരണ സ്ഥാപനങ്ങൾ ഏതെല്ലാമാണ്;

(ബി) ക്രെഡിറ്റും, നോൺ ക്രെഡിറ്റും ആയി പ്രവർത്തനങ്ങൾ നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ പ്രസ്തുത ബോർഡിന്റെ പരിധിയിൽ വരുമോ;

(സി) ഇല്ലെങ്കിൽ ക്രെഡിറ്റ് പ്രവർത്തനങ്ങൾ നടത്തുന്ന മിസലേനിയസ് സഹകരണ സംഘങ്ങളേയും പ്രസ്തുത ബോർഡിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സഹകരണ നിയമം 80 (ബി) പ്രകാരം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക വായ്പാ സംഘങ്ങൾ, അർബൻ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവയാണ്.

(ബി) നോൺ ക്രെഡിറ്റായി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ ബോർഡിന്റെ പരിധിയിൽ വരില്ല.

(സി) തൽക്കാലം പരിഗണനയിൽ ഇല്ല.

സ്വാശ്രയ സഹകരണ സംഘങ്ങൾ

142 [596] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സ്വാശ്രയ സഹകരണ സംഘങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്;

(ബി) ഇത്തരം സ്വാശ്രയ സഹകരണ സംഘങ്ങൾക്ക് സർക്കാരിൽ നിന്നും ഗ്രാന്റ് ലഭിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly